ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 28-01-2026** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. രാജ്യത്ത് സാമൂഹിക നീതി ഉറപ്പാക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. തൊഴിലാളികളുടെ താൽപര്യങ്ങൾ സംരക്ഷിക്കുക എന്നതാണ് പുതിയ തൊഴിൽ നിയമങ്ങളിലൂടെ ലക്ഷ്യമിടുന്നതെന്നും രാഷ്ട്രപതി.

**President Droupadi Murmu Says the Government Is Committed to Ensuring Social Justice in the Country; Adds That New Labour Laws Aim to Protect the Interests of Workers.**

2. പാർലമെന്റിന്റെ ബജറ്റ് സമ്മേളനത്തിന് രാഷ്ട്രപതിയുടെ നയപ്രഖ്യാപന പ്രസംഗത്തോടെതുടക്കമായി. സാമ്പത്തിക സർവേ നാളെ സമർപ്പിക്കും. കേന്ദ്ര ബജറ്റ് ഞായറാഴ്ച.

**Parliament's Budget Session Begins with the President's Policy Address; Economic Survey to Be Presented Tomorrow, Union Budget on Sunday.**

3. മഹാരാഷ്ട്ര ഉപമുഖ്യമന്ത്രിയും എൻസിപി നേതാവുമായ അജിത് പവാർ വിമാനാപകടത്തിൽ അന്തരിച്ചു.

നിര്യാണത്തിൽ അനുശോചിച്ച് രാഷ്ട്രപതി, പ്രധാനമന്ത്രി, ലോക്സഭാ സ്പീക്കർ, കേന്ദ്രമന്ത്രിമാർ തുടങ്ങിയവർ.

**Maharashtra Deputy Chief Minister and NCP Leader Ajit Pawar Dies in Plane Crash; President, Prime Minister, Lok Sabha Speaker and Union Ministers Express Condolences.**

4. വാർഷിക **N C C** പിഎം റാലിയെ പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ന്യൂഡൽഹിയിൽ അഭിസംബോധന ചെയ്യും.

**Prime Minister Narendra Modi to address Annual NCC PM Rally in New Delhi Today.**

5. വിളപ്പിൽശാല ആശുപത്രിയിൽ ചികിത്സ കിട്ടാതെ രോഗി മരിച്ചെന്ന ആരോപണത്തിൽ പ്രതിപക്ഷത്തിന്റെ അടിയന്തര പ്രമേയത്തിന്മേൽ നിയമസഭയിൽ ചർച്ച തുടരുന്നു.

**Discussion Continues in the Kerala Legislative Assembly on the Opposition's Adjournment Motion Alleging That a Patient Died After Being Denied Treatment at Vilappilsala Government Hospital.**

6. ഏഷ്യയിലെ ഏറ്റവും വലിയ സിവിൽ ഏവിയേഷൻ പരിപാടിയായ 'വിംഗ്സ് ഇന്ത്യ 2026' ന് ഹൈദരാബാദിലെ ബേഗംപേട്ട് വിമാനത്താവളത്തിൽ തുടക്കമായി.

**Asia's largest civil aviation event 'Wings India 2026' to begin today at Begumpet Airport in Hyderabad.**

&&&&&&&&&&&&&&&&&&

**HEADLINE-1**

## PRESIDENT (INTRO)

*പാർലമെന്റിന്റെ ബജറ്റ് സമ്മേളനത്തിന് രാഷ്ട്രപതി ദ്രൗപതി മുർമുവിൻറെ നയപ്രഖ്യാപന പ്രസംഗത്തോടെ തുടക്കമായി. രാജ്യത്ത് സാമൂഹിക നീതി ഉറപ്പാക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് ഇരുസഭകളുടെയും സംയുക്ത സമ്മേളനത്തെ അഭിസംബോധന ചെയ്തുകൊണ്ട് രാഷ്ട്രപതി പറഞ്ഞു. ഏകദേശം 95 കോടി പൗരന്മാർക്ക് സാമൂഹിക സുരക്ഷാ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നുണ്ട്. ദീർഘകാലമായി മുടങ്ങിക്കിടക്കുന്ന പദ്ധതികൾ വേഗത്തിലാക്കാനും സർക്കാർ പദ്ധതികളുടെ ആനുകൂല്യങ്ങൾ എല്ലാ ഗുണഭോക്താക്കൾക്കും ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കാനും* ***PRAGATI*** *സംരംഭത്തിലൂടെ സാധിച്ചതായും രാഷ്ട്രപതി വ്യക്തമാക്കി. തൊഴിലാളികളുടെ താൽപര്യങ്ങൾ സംരക്ഷിക്കുക എന്നതാണ് പുതിയ തൊഴിൽ നിയമങ്ങളുടെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്ന് എന്ന് രാഷ്ട്രപതി പറഞ്ഞു. സർക്കാരിന്റെ മികച്ച നയങ്ങളും സംരംഭങ്ങളും രാജ്യത്ത് കാർഷികോൽപാദനത്തിൽ ദ്രുതഗതിയിലുള്ള വർദ്ധനവിന് കാരണമായി. ഗ്രാമീണ മേഖലയിലെ തൊഴിൽ വികസനത്തിനായാണ്* ***VB*** *ജി റാം ജി നിയമം നടപ്പാക്കിയതെന്നും ശ്രീമതി മുർമു പറഞ്ഞു. ഇന്ത്യൻ ബഹിരാകാശയാത്രികൻ ശുഭാൻഷു ശുക്ല അന്താരാഷ്ട്ര ബഹിരാകാശ നിലയം സന്ദർശിച്ചതിലൂടെ ഒരു ചരിത്ര യാത്രയ്ക്കാണ് തുടക്കം കുറിച്ചതെന്ന് രാഷ്ട്രപതി അഭിപ്രായപ്പെട്ടു. ഇന്ത്യ ഉടൻ തന്നെ സ്വന്തമായി ബഹിരാകാശ നിലയം സ്ഥാപിക്കുമെന്നും രാഷ്ട്രപതി നയപ്രഖ്യാപന പ്രസംഗത്തിൽ പറഞ്ഞു.*

*( വോയിസ്...രാഷ്ട്രപതി)*

&&&&&&&&&&&&&&&&&&

**HEADLINE-2**

**PARLIAMENT-BUDGET SESSION**

പാർലമെന്റിന്റെ ബജറ്റ് സമ്മേളനത്തോട് അനുബന്ധിച്ച്, സാമ്പത്തിക സർവേ നാളെ സമർപ്പിക്കും. ഫെബ്രുവരി ഒന്ന് - ഞായറാഴ്ചയാണ് കേന്ദ്ര ബജറ്റ്. ഇന്ന് മുതൽ അടുത്ത മാസം 13 വരെയും , മാർച്ച് 9 മുതൽ ഏപ്രിൽ 2 വരെയും 2 ഘട്ടങ്ങളിലായി 30 ദിവസമാണ് സഭ ചേരുക. സമ്മേളനത്തിന് മുന്നോടിയായി, ഇന്നലെ ന്യൂഡൽഹിയിൽ സർവകക്ഷി യോഗം ചേർന്നു.

&&&&&&&&&&&&&&&&&&

**HEADLINE-3**

**AJIT PAWAR PLAN CRASH**

മഹാരാഷ്ട്രയിലെ ബാരാമതിയിലുണ്ടായ വിമാനാപകടത്തിൽ മഹാരാഷ്ട്ര ഉപമുഖ്യമന്ത്രിയും എൻസിപി മുതിർന്ന നേതാവുമായ അജിത് പവാർ മരണമടഞ്ഞു. അജിത് പവാർ ഉൾപ്പെടെ അഞ്ച് പേരാണ് വിമാനത്തിലുണ്ടായിരുന്നത്. അപകടത്തിൽ വിമാനത്തിലുണ്ടായിരുന്ന എല്ലാവരും കൊല്ലപ്പെട്ടതായും ഉദ്യോഗസ്ഥർ വ്യക്തമാക്കി.

അജിത് പവാറിന്റെ നിര്യാണത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമു, പ്രധാനമന്ത്രി നരേന്ദ്ര മോദി, ലോക്സഭാ സ്പീക്കർ ഓം ബിർള, കേന്ദ്രമന്ത്രിമാർ തുടങ്ങിയവർ അഗാധ ദുഃഖം രേഖപ്പെടുത്തി. മഹാരാഷ്ട്രയുടെ വികസനത്തിന്, പ്രത്യേകിച്ച് സഹകരണ മേഖലയിൽ പവാർ നൽകിയ ഗണ്യമായ സംഭാവനകൾ എന്നും ഓർമ്മിക്കപ്പെടുമെന്ന് രാഷ്ട്രപതി പറഞ്ഞു. ജനങ്ങളുടെ നേതാവായിരുന്നു പവാർ എന്നും ദരിദ്രരെയും അടിച്ചമർത്തപ്പെട്ടവരെയും ശാക്തീകരിക്കുന്നതിന് അദ്ദേഹം മുൻഗണന നൽകിയതായും പ്രധാനമന്ത്രി അനുശോചന സന്ദേശത്തിൽ അഭിപ്രായപ്പെട്ടു. അജിത് പവാറിന്റെ നിര്യാണത്തിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കറും മുഖ്യമന്ത്രി പിണറായി വിജയനും കേരള നിയമസഭയും അനുശോചനം രേഖപ്പെടുത്തി.

&&&&&&&&&&&&&&&&&&

**HEADLINE-4**

**PM - NCC- RALLY**

ന്യൂഡൽഹിയിലെ കരിയപ്പ പരേഡ് ഗ്രൗണ്ടിൽ നടക്കുന്ന വാർഷിക N C C പി എം റാലിയെ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് അഭിസംബോധന

ചെയ്യും. **രാഷ്ട്ര പ്രഥം- കർത്തവ്യ നിഷ്ഠാ യുവ** എന്നതാണ് ഈ വർഷത്തെ പ്രമേയം. ഒരു മാസം നീണ്ടുനിൽക്കുന്ന N C C റിപ്പബ്ലിക് ദിന ക്യാമ്പിന്റെ പരിസമാപ്തിയാണ് N C C പിഎം റാലി.

&&&&&&&&&&&&&&&&&&

## HEADLINE-5

## ASSEMBLY

കേരള നിയമസഭയിൽ തിരുവനന്തപുരം വിളപ്പിൽശാല ആശുപത്രിയിൽ ചികിത്സ കിട്ടാതെ രോഗി മരിച്ച സംഭവത്തിൽ അടിയന്തര പ്രമേയത്തിന്മേലുള്ള ചർച്ച പുരോഗമിക്കുന്നു. പ്രതിപക്ഷത്ത് നിന്ന് പി സി വിഷ്ണു നാഥ് ആണ് അടിയന്തര പ്രമേയ നോട്ടീസ് നൽകിയത്. വിഷയത്തിൽ ചർച്ച നടത്താൻ തയ്യാറാണെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ് സഭയെ അറിയിക്കുകയായിരുന്നു. നിയമസഭയിൽ, ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിൻമേലുളള നന്ദി പ്രമേയത്തിൽ ചർച്ച ഇന്നും തുടരും. ധനമന്ത്രി കെ.എൻ ബാലഗോപാൽ 2026-27 സാമ്പത്തിക വർഷത്തേയ്ക്കുള്ള സംസ്ഥാന ബജറ്റ് നാളെ അവതരിപ്പിക്കും.

&&&&&&&&&&&&&&&&&&

## SIR

കേരളത്തിൽ SIR ന്റെ വിവിധ പ്രവർത്തനങ്ങൾ വിലയിരുത്തിയതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ. ജില്ലാ കളക്ടർമാരുമാരുമായും ERO മാരുമായും അദ്ദേഹം കൂടിക്കാഴ്ച നടത്തി. രാഷ്ട്രീയ പാർട്ടികൾ നിയമിച്ച ബൂത്ത് തല ഏജന്റുമാരുടെയും അവർ സമർപ്പിക്കുന്ന ഫോമുകളുടെയും കൃത്യമായ എണ്ണം ലഭ്യമാക്കാൻ അദ്ദേഹം നിർദ്ദേശം നൽകി.

&&&&&&&&&&&&&&&&&&

## WB-EC

പശ്ചിമ ബംഗാളിൽ വോട്ടർ പട്ടിക പ്രത്യേക തീവ്ര പരിഷ്കരണത്തിൽ ഏർപ്പെട്ടിരിക്കുന്ന ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റത്തിൽ കർശന നടപടിയുമായി തിരഞ്ഞെടുപ്പ് കമ്മീഷൻ. കമ്മീഷനിൽ നിന്ന് മുൻകൂർ

അനുമതി വാങ്ങാതെ മൂന്ന് നിരീക്ഷകർക്ക് സംസ്ഥാന സർക്കാർ സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിച്ചതിനെ തുടർന്നാണ് നീക്കം. ഉത്തരവ് ഉടൻ പിൻവലിക്കാൻ ആവശ്യപ്പെട്ട് കമ്മീഷൻ പശ്ചിമ ബംഗാൾ സർക്കാരിന് കത്ത് അയച്ചു. SIR പ്രക്രിയയിൽ ഉൾപ്പെട്ട ഒരു ഉദ്യോഗസ്ഥനെയും മുൻകൂർ അനുമതിയില്ലാതെ സ്ഥലം മാറ്റാൻ പാടില്ലെന്ന നിർദ്ദേശങ്ങൾ ലംഘിക്കപ്പെട്ടതായി കമ്മീഷൻ കത്തിൽ വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

**ബ്രേക്ക്**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

(ബ്രേക്ക്)

&&&&&&&&&&&&&&&&&&

**HEADLINE-6**

**NAIDU-WINGS INDIA**

രാജ്യത്ത് ഉൽപ്പാദന ആവാസവ്യവസ്ഥ വികസിപ്പിക്കുന്നതിലാണ് കേന്ദ്ര സർക്കാർ ശ്രദ്ധ കേന്ദ്രീകരിക്കുന്നതെന്ന് കേന്ദ്ര വ്യോമയാന മന്ത്രി റാം മോഹൻ നായിഡു. ഏഷ്യയിലെ ഏറ്റവും വലിയ സിവിൽ ഏവിയേഷൻ പരിപാടിയായ 'വിങ്സ് ഇന്ത്യ 2026' പരിപാടി ഹൈദരാബാദിലെ ബേഗംപേട്ട് വിമാനത്താവളത്തിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. രാജ്യത്ത് ഏകദേശം 350 വിമാനത്താവളങ്ങൾ നിർമ്മിക്കാൻ ലക്ഷ്യമിടുന്നതായും കേന്ദ്രമന്ത്രി പറഞ്ഞു. 20 രാജ്യങ്ങളിൽ നിന്നുള്ള 3,000-ത്തിലധികം പ്രതിനിധികൾ വിങ്സ് ഇന്ത്യ പരിപാടിയുടെ ഭാഗമാകും.

&&&&&&&&&&&&&&&&&&

**PRAGATI SPECIAL STORY**

രാജ്യത്ത് സമയബന്ധിതമായ പദ്ധതിനിർവഹണം ഉറപ്പാക്കുന്നതിന് 2015-ൽ പ്രധാനമന്ത്രി നരേന്ദ്രമോദി തുടക്കം കുറിച്ച പ്രഗതി സംരംഭം 50-ാമത് അവലോകന യോഗമെന്ന സുപ്രധാന നാഴികക്കല്ല് പിന്നിട്ടു. ഉത്തർപ്രദേശിലെ ചക്കേരി - അലഹബാദ് ദേശീയപാത വികസന പദ്ധതിയുടെ വിജയം പ്രഗതി സംരംഭത്തിന്റെ ഫലപ്രാപ്തിയുടെ മികച്ച ഉദാഹരണങ്ങളിൽ ഒന്നാണ്. 2019 ജൂലൈയിൽ പ്രധാനമന്ത്രി നേരിട്ട്

നടത്തിയ അവലോകനത്തിലൂടെ പദ്ധതിയുടെ തടസ്സങ്ങൾ നീക്കാൻ കർശന നിർദ്ദേശം നൽകി. 2024 ഓഗസ്റ്റിൽ പാത കമ്മീഷൻ ചെയ്യും.

&&&&&&&&&&&&&&&&&&

**GEORGE KURIAN**

ഏഴാമത് ഇന്ത്യ ഇന്റർനാഷണൽ കടൽപായൽ ഉച്ചകോടിയും പ്രദർശനവും നാളെ കൊച്ചിയിൽ ആരംഭിക്കും. കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ നടക്കുന്ന രണ്ട് ദിവസത്തെ ഉച്ചകോടി കേന്ദ്ര ഫിഷറീസ് സഹമന്ത്രി ജോർജ് കുര്യൻ ഉദ്ഘാടനം ചെയ്യും.

&&&&&&&&&&&&&&&&&&

**INDIA EU-FTA MEDIA - INTRO & VOICE**

***ഇന്ത്യൻ വ്യവസായ മേഖലയുടെ പരിവർത്തനത്തിനുള്ള ചാലക ശക്തിയാണ് ഇന്ത്യ-യൂറോപ്യൻ യൂണിയൻ സ്വതന്ത്ര വ്യാപാര കരാറെന്ന് വ്യവസായ സംഘടനകൾ. ഇന്ത്യ-യൂറോപ്യൻ യൂണിയൻ സ്വതന്ത്ര വ്യാപാര കരാറിന്റെ പ്രഖ്യാപനം ചരിത്രപരമെന്ന് പ്രമുഖ അന്താരാഷ്ട്ര മാധ്യമങ്ങളും റിപ്പോർട് ചെയ്തു. വിശദാംശങ്ങളിലേക്ക്.....***

***( വോയിസ്....)***

***ആഗോള വ്യാപാര ഇടപെടലിലെ ഇന്ത്യയുടെ തന്ത്രപരമായ വഴിത്തിരിവാണ് കരാറെന്ന് കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രി DG ചന്ദ്രജിത് ബാനർജി പറഞ്ഞു. ഗണ്യമായ വ്യാപാര, നിക്ഷേപ അവസരങ്ങൾ തുറക്കുന്നതിനും, ശക്തമായ മൂല്യ ശൃംഖല സംയോജനത്തിനും കരാർ സഹായിക്കുമെന്ന് FICCI പ്രസിഡന്റ് അനന്ത് ഗോയങ്ക അഭിപ്രായപ്പെട്ടു. വ്യാപാര കരാറുകളുടെ മാതാവെന്നും ആഗോള സാമ്പത്തിക നയതന്ത്രത്തിലെ നിർണായക നിമിഷമെന്നുമാണ് ഇന്ത്യ - EU കരാറിനെ ആഗോള മാധ്യമങ്ങൾ വിശേഷിപ്പിച്ചിരിക്കുന്നത്. ഇന്ത്യയും യൂറോപ്യൻ യൂണിയനും തമ്മിലുള്ള സ്വതന്ത്ര വ്യാപാര കരാർ യാഥാർഥ്യമായതോടെ തുണിത്തരങ്ങൾ പാദരക്ഷകൾ, തുകൽ, സമുദ്രോത്പന്നങ്ങൾ, രത്നങ്ങൾ, ആഭരണങ്ങൾ, കരകൗശല വസ്തുക്കൾ, എഞ്ചിനീയറിംഗ് ഉൽപ്പന്നങ്ങൾ, ഫർമസ്യൂട്ടിക്കൽ ഉത്പന്നങ്ങൾ തുടങ്ങി ഇന്ത്യയിൽ തൊഴിൽ പ്രാധാന്യമുള്ള മേഖലകൾക്ക് യൂറോപ്യൻ***

*വിപണികൾ തുറക്കാൻ വഴിയൊരുങ്ങും. അതേസമയം, ആഡംബര കാറുകൾ, വൈൻ, മരുന്നുകൾ എന്നിവയുൾപ്പെടെ യൂറോപ്പിൽ നിന്ന് ഇറക്കുമതി ചെയ്യുന്ന വസ്തുക്കളുടെ തീരുവ കുറയുന്നത് ഈ ഉത്പന്നങ്ങളുടെ വില കുറയുന്നതിന് സഹായകമാകും. കരകൗശല വിദഗ്ധർ, സ്ത്രീകൾ, യുവാക്കൾ, എംഎസ്എംഇകൾ എന്നിവർക്കും കരാർ ഗുണകരമാകും. വാഹനനിർമാണരംഗത്ത്, മേക്ക് ഇൻ ഇന്ത്യ ഉൽപ്പന്നങ്ങളുടെ കയറ്റുമതിക്കും സാധ്യതകൾ തുറക്കും.*

*ന്യൂസ്ഡെസ്ക് ആകാശവാണി.....*

## VANDE MATARAM- CYCLOTHON

Central Industrial Security Force CISF ന്റെ വന്ദേമാതരം തീരദേശ സൈക്ലോത്തൺ പ്രയാണത്തിന് ഇന്ന് തുടക്കം. കേരളം, തമിഴ്നാട്, കർണാടക,ആന്ധ്രാപ്രദേശ്, പശ്ചിമ ബംഗാൾ, ഗുജറാത്ത്, മഹാരാഷ്ട്ര, ഒഡീഷ എന്നീ സംസ്ഥാനങ്ങളിലായി അടുത്ത മാസം 22 വരെയാണ് സൈക്ലോത്തൺ സംഘടിപ്പിക്കുന്നത്.

&&&&&&&&&&&&&&&&&

## TEXAS H-1B VISA

യു.എസിലെ ടെക്സസിൽ, പുതിയ എച്ച്-1ബി വിസ അപേക്ഷകൾ ഉടൻ മരവിപ്പിക്കാൻ ഉത്തരവിട്ട് ഗവർണർ ഗ്രെഗ് ആബട്ട്. അമേരിക്കൻ ജോലികൾ അമേരിക്കൻ തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിന്റെ ഭാഗമായാണ് നീക്കം. 2027 മെയ് 31 ന് ടെക്സസ് നിയമസഭയുടെ 90-ാമത് പതിവ് സെഷൻ അവസാനിക്കുന്നതുവരെ ടെക്സസ് വർക്ക്ഫോഴ്സ് കമ്മീഷന്റെ രേഖാമൂലമുള്ള അനുമതിയില്ലാതെ പുതിയ എച്ച്-1ബി അപേക്ഷകൾ ആരംഭിക്കാൻ പാടില്ലെന്നാണ് ഉത്തരവ്.

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&